(എ) ഈ മന്ത്രിസഭ നിലവിൽ വന്നശേഷം പ്രഖ്യാപിച്ച മരുന്നുവാങ്ങൽ നയമനുസരിച്ച് ഏതെല്ലാം മരുന്നുകളാണ് വാങ്ങേണ്ടത് എന്നത് സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ലിസ്റ്റ് തയ്യാറാക്കിയതാരാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഈ ലിസ്റ്റ് അവർക്ക് നൽകാതെ ജില്ലകളിൽ ആവശ്യമുള്ള മരുന്നുകളുടെ വിവരം അറിയിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകാതെ അവരോട് മരുന്നിന്റെ വിവരം നൽകുവാൻ ആവശ്യപ്പെടുന്നതുമൂലം ഗവൺമെന്റിന്റെ മരുന്നു വാങ്ങൽ നയം നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടാകുമോ എന്നറിയിക്കാമോ?

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) ഉണ്ട്. ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സ്ഥാപനങ്ങളെ 4 ആയി തരംതിരിച്ച് 2005-06 മുതൽ ഓരോ വിഭാഗത്തിനും ഏതൊക്കെ മരുന്നുകളാണ് എപ്പോഴും ഉണ്ടായിരിക്കേണ്ടതെന്ന് തിട്ടപ്പെടുത്തി ഒരു ഡ്രഗ് ഫോർമുലറി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള വിദഗ്ദ്ധൻമാർ അടങ്ങിയ 17 അംഗ കമ്മിറ്റിയാണ് ഈ ലിസ്റ്റ് തയ്യാറാക്കിയത്.

(സി) ഉണ്ട്.

(ഡി) & (ഇ) ചോദ്യം ഉദിക്കുന്നില്ല.

വർദ്ധിച്ചുവരുന്ന ഗുണ്ടാ ആക്രമണങ്ങൾ

*15 [14] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

„ *കോടിയേരി ബാലകൃഷ്ണൻ:*

„ *കെ. രാധാകൃഷ്ണൻ:*

„ *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാ ആക്രമണങ്ങളും സാമൂഹ്യ വിരുദ്ധ ശല്യവും തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ ആസ്ഥാനങ്ങളിൽ വർദ്ധിച്ചുവരുന്ന ഗുണ്ടാവിളയാട്ടവും സാമൂഹ്യ വിരുദ്ധ ശല്യവും തടയുന്നതിനും കുറ്റവാളികളെ അമർച്ച ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) ഗുണ്ടാ ആക്രമണം എന്ന പദപ്രയോഗം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സാമൂഹ്യ വിരുദ്ധരുടെ സംഘടിതവും അല്ലാതെയുമുള്ള ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് ഇത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മേൽപ്പടി പ്രവർത്തനങ്ങൾ നടക്കുന്നതായി പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും റസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ച് പ്രവർത്തിച്ചും നിയമം അനുശാസിക്കും വിധം കേസുകൾ രജിസ്റ്റർ ചെയ്തും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചും സ്ഥിരം കുറ്റവാളികളുടെയും, കൂലിത്തല്ല്, സ്ഥിരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവരുടെ പേരിൽ സി. ആർ. പി. സി. 107, 109, 110 (ഇ. ആന്റ് ജി) പ്രകാരം നല്ല നടപ്പിന് ജാമ്യം വയ്ക്കുന്നതിലേക്ക് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ റിപ്പോർട്ട് നൽകിവരുന്നുണ്ട്. കുറ്റകൃത്യങ്ങളേയും കുറ്റവാളികളേയും കുറിച്ചുള്ള വിവരങ്ങൾ തൽസമയം തന്നെ ലഭിക്കുന്നതിനായി ജില്ലാ സൂപ്രണ്ട് ഓഫീസുകളിൽ ക്രൈം സ്റ്റോപ്പർ സംവിധാനം പ്രവർത്തിച്ചു വരുന്നു.

(ബി) സംസ്ഥാനത്തു സാമൂഹ്യവിരുദ്ധരെയും ഗുണ്ടാ പ്രവർത്തനം നടത്തുന്നവരെയും നിയന്ത്രിക്കുന്നതിനു വേണ്ടി സാമൂഹ്യവിരുദ്ധ പ്രവർത്തനം (തടയൽ) നിയമം എന്ന പേരിൽ ഒരു നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ജില്ലാ ആസ്ഥാനങ്ങളിലും മറ്റ് നഗരങ്ങളിലും ഫ്ളൈയിംഗ് സ്കാഡ് സംവിധാനം നിലവിലുണ്ട്. എല്ലാ ജില്ലകളിലും കോൾഫ്രീ സൗകര്യത്തിൽ പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. റോമിയോ എന്ന സൈനോടുകൂടി സാമൂഹ്യ വിരുദ്ധരുടെ ചലനങ്ങളെ കണ്ടെത്തി നിരീക്ഷിക്കുന്നതിനായി മോട്ടോർ സൈക്കിൾ പട്രോളിംഗ് ഏർപ്പെടുത്തി വരുന്നുണ്ട്.

ഹവാല പണമിടപാട് സംബന്ധിച്ച അന്വേഷണം

*16 [15] *ശ്രീ. ടി. എം. ജേക്കബ്*:

„ *ജോണി നെല്ലൂർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹവാല പണമിടപാട് സംബന്ധിച്ച് കേരള പോലീസ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly